(എ) ഇല്ല.

(ബി,സി,ഡി ആൻറ് ഇ) ചോദ്യം ഉദിക്കുന്നില്ല.

റേഷൻ കാർഡുടമകൾക്ക് നൽകുന്ന മണ്ണെണ്ണ

*22 [310] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് പാചക ആവശ്യത്തിനായി ഇപ്പോൾ മണ്ണെണ്ണ നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ലിറ്റർ മണ്ണെണ്ണയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) പാചകാവശ്യത്തിനായി 6 ലിറ്റർ മണ്ണെണ്ണയ്ക്കുള്ള പെർമിറ്റാണ് നൽകിവരുന്നതെങ്കിലും, മണ്ണെണ്ണയുടെ ലഭ്യതക്കുറവുമൂലം പ്രതിമാസം 3 ലിറ്റർ മാത്രമേ അനുവദിക്കുവാൻ കഴിയുന്നുള്ളൂ.

വാനിലയ്ക്കു താങ്ങുവില പ്രഖ്യാപിക്കുന്നതിനു നടപടി

*23 [311] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാനിലയുടെ വില ക്രമാതീതമായി ഇടിഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) വാനിലയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുന്നതിനും വാനിലയുടെ ഇറക്കുമതിചുങ്കം ഉയർത്തുന്നതിനും വേണ്ട സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുമോ;

(ഡി) വാനിലയുടെ വിലയിടിവ് നിയന്ത്രിക്കുന്നതിന് ഒരു വാനില നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പു പഠനം നടത്തിയിട്ടില്ല.

(സി) താങ്ങുവില പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly